# ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) എറണാകുളം

പാർക്ക് അവന്യൂ, എറണാകുളം – 682011

☎ 0484-2360802 ✉ dmohekmoffice@gmail.com | www.dmohekm.in


'ഭരണഭാഷ – മാതൃഭാഷ'

## എറണാകുളം ജില്ലാ മെഡിക്കലാഫീസറുടെ (ആരോഗ്യം) നടപടിക്രമം

വിഷയം : ആരോഗ്യ വകുപ്പ് – ജീവനക്കാര്യം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾ (ജി.ഒ(പി) നം.152/75/പി.ഡി/തിരുവനന്തപുരം തീയതി.02.08.1975)
2) എഫ്2-295/2017/ആരോഗ്യം എന്ന നമ്പറിലുള്ള 08.12.2015 തീയതിയിലെ സർക്കുലർ
3) എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആഫീസറുടെ 22.12.2021 തീയതിയിലെ പി.റ്റി.16/2021/602/0-ാം നമ്പർ ഉത്തരവ്

### ഉത്തരവ് നം.എ3-21687/2021/ജി.മെ.ആ(ആ)എറണാകുളം, തീയതി : 13.06.2022

കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് റൂളിലെ ചട്ടങ്ങൾ അനുസരിച്ച് ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ശുപാർശ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുമായി കൂടികാഴ്ച നടത്തി നിയമനത്തിനായി തെഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരെ അവരുടെ പേരിന് നേരെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിയമിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | നിയമിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | **BENNY SEN P**<br>NIKARTHIL HOUSE<br>GIRINAGAR<br>KOCHI - 20, ERNAKULAM | OPEN_PY<br>17.02.1973 | SSLC | **ജില്ലാ മെഡിക്കൽ ആഫീസ് (ആ) എറണാകുളം**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 2 | **INDU P K**<br>PUTHUVAMOOLA<br>THRIKKAKARA<br>B M C P O<br>ERNAKULAM | OPEN_PY<br>28.05.1972 | SSLC | **പ്രാഥമികാരോഗ്യ കേന്ദ്രം കാക്കനാട്**<br>സ്ഥാനക്കയറ്റം മുഖേനയുള്ള ഒഴിവിലേയ്ക്ക് |
| 3 | **SHEELA M K**<br>KOTTAPPURATHU<br>PUTHENPURA HOUSE<br>RANDAR P O<br>MUVATTTUPUZHA 686673 | OPEN_PY<br>18.04.1973 | SSLC | **സാമൂഹ്യാരോഗ്യ കേന്ദ്രം രാമമംഗലം**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 4 | **SYNA P R**<br>KATTUMPURATH HOUSE<br>CHERIYAPAZHAMPILLITHURUTH<br>GOTHURUTH P O<br>ERNAKULAM 683516 | OPEN_PY<br>01.05.1971 | SSLC | **താലൂക്കാശുപത്രി പുത്തൻവേലിക്കര**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 5 | **ANTONY K G**<br>KOCHERY HOSUE<br>MALIPPURAM P O<br>ERNAKULAM 682511 | OPEN_NPY<br>21.02.1971 | SSLC | **പ്രാഥമികാരോഗ്യ കേന്ദ്രം മൂക്കന്നൂർ**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |

| | | | | |
|---|---|---|---|---|
| 6 | **SHEEJA V T**<br>THAIKKATTU VEEDU<br>KOVILAKATHUMKADAVU<br>PALLIPURAM<br>ERNAKULAM 683516 | OPEN_NPY<br>10.10.1971 | SSLC | **കുടുംബാരോഗ്യ കേന്ദ്രം**<br>**നായരമ്പലം**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 7 | **ABDUL SALAM P K**<br>KAMBAKUDIYIL PITHENVEEDU<br>PUTHUPPADY P O<br>ERNAKULAM 686673 | OPEN_NPY<br>31.05.1972 | SSLC | **പ്രാഥമികാരോഗ്യ കേന്ദ്രം**<br>**കല്ലൂർക്കാട്**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 8 | **SHAIJA M K**<br>PADINJAREVIRIPPIL HOUSE<br>KARUKADOM P O<br>KOTHAMANGALAM<br>ERNAKULAM 686691 | OPEN_NPY<br>20.02.1971 | SSC | **കുടുംബാരോഗ്യ കേന്ദ്രം**<br>**രായമംഗലം**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 9 | **MINI M V**<br>THEKKEKKUTTU HOUSE<br>KURUMASSERY P O<br>PARAKKADAVU 683579 | ETB PY<br>06.03.1971 | SSLC | **കുടുംബാരോഗ്യ കേന്ദ്രം**<br>**തുറവൂർ**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 10 | **PRIYA K R**<br>KARIKKAL HOUSE<br>PANANGADU<br>ERNAKULAM 682506 | ETB NPY<br>19.04.1974 | SSLC | **പ്രാഥമികാരോഗ്യ കേന്ദ്രം**<br>**പിഴല**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 11 | **VISHNU V S**<br>VADAKKEKARA HOUSE<br>MAMALAKKANADAM PO<br>THALIPPARA<br>ERNAKULAM 686691 | ETB NPY<br>03.08.1989 | SSLC | **പ്രാഥമികാരോഗ്യ കേന്ദ്രം**<br>**പാലക്കുഴ**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 12 | **SHIJU.K**<br>HARIJAN COLONY<br>CHORAKUZHY<br>KOOTHATTUKULAM. P.O<br>MUVATTUPUZHA<br>ERNAKULAM - 686 662 | SC PY<br>03.11.1976 | SSLC | **പ്രാഥമികാരോഗ്യ കേന്ദ്രം**<br>**മുടക്കുഴ**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 13 | **RUGMINI P K**<br>PANDALAYIL HOUSE<br>KUTHUKUZHY P O<br>ERNAKULAM - 686691 | SC NPY<br>25.01.1971 | STD IX | **പ്രാഥമികാരോഗ്യ കേന്ദ്രം**<br>**നെടുമ്പാശ്ശേരി**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 14 | **FAZEELA M.V**<br>H.NO 19/1109<br>THACHOKATHU PARAMBU<br>S.D.P.Y. ROAD<br>PALLURUTHY<br>ERNAKULAM, PIN-682006 | MUSLIM PY<br>05.02.1978 | SSLC | **പ്രാഥമികാരോഗ്യ കേന്ദ്രം**<br>**വളന്തക്കാട്**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 15 | **NASAR K.U**<br>KOLUPALLAM (H)<br>W VELIYATHUNADU PO<br>ERNAKULAM 683511 | MUSLIM NPY<br>23.03.1973 | STD IX | **കുടുംബാരോഗ്യ കേന്ദ്രം**<br>**വാഴക്കുളം**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 16 | **ANEESH R**<br>THAREPARAMBIL (H)<br>THEKKUMPURAM,<br>CHENDAMANGALAM<br>EKM-683512 | SIUC NADAR<br>30.04.1994 | SSLC | **പ്രാഥമികാരോഗ്യ കേന്ദ്രം**<br>**അയ്യമ്പുഴ**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 17 | **ARJUN KUMAR**<br>MARIMATTATHIL<br>OORAMANA P.O<br>MUVATTUPUZHA, | OBC PY<br>18.06.2000 | SSLC | **കുടുംബാരോഗ്യ കേന്ദ്രം**<br>**കീഴ്മാട്**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |

| | | | | |
|---|---|---|---|---|
| 18 | **DAISY M.O.**<br>KUNNAMMEL, VAZHAPPILLU (H),<br>ELANTHIKKARA P.O.,<br>PUTHENVELIKKARA VIA,<br>N.PARAVUR,<br>ERNAKULAM - 683594, | EWS PY<br>26.01.1972 | SSLC | **കുടുംബാരോഗ്യ കേന്ദ്രം മഞ്ഞപ്ര**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |
| 19 | **MINIMOL K.R.**<br>PULICKAL HOUSE,<br>KULAYETATTOM (PO),<br>PIN-682317,<br>KANJIRAMATTOM (VIA), | EWS NPY<br>07.01.1971 | SSLC | **കുടുംബാരോഗ്യ കേന്ദ്രം കല്ലൂർക്കാട്**<br>നിലവിലുള്ള ഒഴിവിലേയ്ക്ക് |

നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ അവരുടെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ പ്രമാണങ്ങൾ സഹിതം നിയമനം ലഭിച്ചിരിക്കുന്ന ആഫീസ് മേധാവി മുമ്പാകെ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ഹാജരാകേണ്ടതാണ്. പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളവർ ക്രീമിലയറിൽ ഉൾപ്പെട്ടിട്ടില്ലാ യെന്നതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

ആഫീസ് മേധാവികൾ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും, എന്തെങ്കിലും വിത്യാസം കാണുന്നപക്ഷം ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കാതെ വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

ഈ ഉത്തരവ് അനുസരിച്ച് നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ തെറ്റായ വിവരങ്ങൾ നൽകിയതായോ, തെറ്റായ നാമനിർദ്ദേശം ചെയ്തതായോ തെളിയുന്നപക്ഷം പ്രസ്തുത വ്യക്തികൾക്ക് വിശദീകരണം നൽകാൻ അവസരം നൽകേണ്ടതും, വിശദീകരണം തൃപ്തികരമല്ലായെങ്കിൽ അവരെ സർവ്വീസിൽ നിന്നും പിരിച്ച് വിടുന്നതുമാണ്. ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ഈ വിവരങ്ങൾ അടങ്ങിയ ഒരു സത്യവാങ് മൂലം അവരുടെ പക്കൽ നിന്നും എഴുതി വാങ്ങി സർവ്വീസ് ബുക്കിൽ ഒട്ടിച്ച് ചേർക്കേണ്ടതാണ്.

രണ്ട് ഗസറ്റഡ് ആഫീസർമാർ സാക്ഷ്യപ്പെടുത്തിയ ഉദ്യോഗാർത്ഥികളുടെ ഫോട്ടോ പതിപ്പിച്ച സ്വഭാവ സർട്ടിഫിക്കറ്റ് അവരിൽ നിന്നും ആഫീസ് മേധാവി കൈപ്പറ്റുകയും, ആയത് അവരുടെ സർവ്വീസ് ബുക്കിൽ ഒട്ടിച്ച് വെയ്ക്കുകയും ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് അനുസരിച്ച് നിയമനം ലഭിച്ചവർക്ക് 70 വയസ്സ് വരെ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ തുടരാവുന്നതാണ്. എന്നാൽ രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവർ ആഫീസ് തലവനിൽ നിന്നും ലഭിക്കുന്ന നിശ്ചിത മാതൃകയിലുള്ള സത്യപ്രസ്താവനയുടെ രണ്ട് പകർപ്പുകൾ എഴുതി ഒപ്പിട്ട് ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ആഫീസ് തലവനെ ഏൽപ്പിക്കേണ്ടതാണ്.

ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി അറിയിക്കുന്നതോടൊപ്പം പ്രസ്തുത സമ്മതപത്രം ആഫീസ് തലവന്റെ മേലൊപ്പ് ചാർത്തി അയച്ച് തരേണ്ടതാണ്. സത്യപ്രസ്താവന നൽകാത്ത ജീവനക്കാരെ ഉദ്യോഗക്കയറ്റത്തിനായി പരിഗണിക്കുന്നതല്ല. ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം മതിയായ കാരണങ്ങൾ ഇല്ലാതെ ജോലിയ്ക്ക് ഹാജരാകാത്ത വ്യക്തികളുടെ നിയമനം റദ്ദ് ചെയ്യുന്നതും പ്രസ്തുത വിവരം എംപ്ലോയ്മെന്റ് ആഫീസറെ അറിയിക്കുന്നതുമായിരിക്കും.

**ഒപ്പ്**
**ഡോ.ജയശ്രീ.വി**
**ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം)**
**എറണാകുളം**

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് (രജിസ്ട്രേഡ് തപാൽ കൈപ്പറ്റ് രസീത് സഹിതം)

പകർപ്പ്

1. ജില്ലാ എംപ്ലോയ്മെന്റ് ആഫീസർ, എറണാകുളം
2. ജില്ലാ മെഡിക്കൽ ആഫീസറുടെ മേശപ്പുറം
3. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് / സീനിയർ സൂപ്രണ്ട് / ജൂനിയർ സൂപ്രണ്ട് (എ) വിഭാഗം
4. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
5. ഫയൽ / കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

**സൂപ്രണ്ട്**